16108
22/7/17

# കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ജനിതക സംബന്ധമായ 'ഗോഷർ' രോഗം ബാധിച്ച് ചികിൽസയിലുള്ള മലപ്പുറം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ 4 കുട്ടികൾക്ക് മരുന്ന് വാങ്ങുന്നതിലേയ്ക്കായി അഞ്ച് ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

======================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (എം.എസ്.) നമ്പർ : **245/2017/റവ.** തിരുവനന്തപുരം, തീയതി, 21.07.2017.

======================================

## ഉത്തരവ്

ജനിതക സംബന്ധമായ 'ഗോഷർ' രോഗം ബാധിച്ച് ചികിൽസയിൽ കഴിയുന്ന താഴെപ്പറയുന്ന 4 കുട്ടികൾക്ക് എൻസൈം മാറ്റിവയ്ക്കൽ ചികിൽസയ്ക്കായി Cerezyme എന്ന മരുന്ന് വാങ്ങുന്നതിലേയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അഞ്ച് ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| 1 | കുമാരി ഫാത്തിമ ഹന്ന (11 വയസ്സ്), D/o. മുഹമ്മദ് അഷ്റഫ്, മദാരി വീട്, പള്ളിപ്പുറം, മങ്കട, മലപ്പുറം. |
| 2 | കുമാരി ലക്ഷ്മി (14 വയസ്സ്), D/o. സുധീർ ബാബു, കാരുമുക്കിൽ വീട്, കുണ്ടന്നൂർ, എരുമപ്പെട്ടി, തൃശ്ശൂർ. |
| 3 | കുമാരി നിസല ഫർഹീൻ (3 വയസ്സ്), D/o. നിഷാദ്, പുത്തൻ പീടികയിൽ വീട്, പല്ലൂർ, ദേശമംഗലം, തൃശ്ശൂർ. |
| 4 | മാസ്റ്റർ അൻസിൽ (8 വയസ്സ്) S/o. കാജാ ഹുസൈൻ, കണക്കൻപാറ വീട്, തെക്കേദേശം, പാലക്കാട്. |

2. വിതരണത്തിനാവശ്യമായിവരുന്ന 20,00,000/- (ഇരുപത് ലക്ഷം രൂപ മാത്രം) രൂപ **"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും ബന്ധപ്പെട്ട തഹസീൽദാർമാർക്ക് താഴെപ്പറയുംപ്രകാരം വിതരണം ചെയ്യേണ്ടതാണ്.

പെരിന്തൽമണ്ണ തഹസീൽദാർ - 5 ലക്ഷം രൂപ

തലപ്പിള്ളി തഹസീൽദാർ - 10 ലക്ഷം രൂപ

ചിറ്റൂർ തഹസീൽദാർ - 5 ലക്ഷം രൂപ

ടി തഹസീൽദാർമാർ തുക വിതരണം ചെയ്ത് ഒരാഴ്ചയ്ക്കകം സർക്കാരിനെ വിവരം അറിയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി.എച്ച്. കുര്യൻ,
അഡീഷണൽ ചീഫ് സെക്രട്ടറി.

ജില്ലാ കളക്ടർ, മലപ്പുറം.

ജില്ലാ കളക്ടർ, തൃശ്ശൂർ.

ജില്ലാ കളക്ടർ, പാലക്കാട്.

തഹസിൽദാർ, പെരിന്തൽമണ്ണ.

തഹസിൽദാർ, തലപ്പിള്ളി.

തഹസിൽദാർ, ചിറ്റൂർ.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.